# ഇത് ഗിന്നസാട്ടം തന്നെയോ ?

ഗിന്നസ് ബുക്കിൽ ഇടം നേടാനായുള്ള മാരത്തോൺ മോഹിനിയാട്ടത്തെക്കുറിച്ചുള്ള ജ്യോതിവർമ്മയുടെ നിരീക്ഷണത്തെ വിമർശിച്ചുകൊണ്ട്,

അസൂയ ഡവലപ് ചെയ്യുന്ന സമയം നൃത്ത രംഗത്ത് പുതിയ മേച്ചിൽ പുറങ്ങൾ തീർക്കുന്നതല്ലേ നല്ലത് ജ്യോതീ? എന്ന് ചോദിക്കുന്ന ഒരു എം സി. തൈക്കാട്. ഒരു മുൻവിധിയും ഇല്ലാതെ പറഞ്ഞോട്ടെ, ഭാഷയിലും അർത്ഥത്തിലും അപക്വവും അരോചകവുമായി തോന്നുന്നു ഈ ചോദ്യം. ചോദ്യകർത്താവിനേയോ, ജ്യോതിവർമ്മയേയോ (ഒരു നർത്തകി എന്ന നിലയ്ക്കല്ലാതെ) നൃത്താവതാരകയേയോ ഇതു കുറിക്കുന്നയാൾക്ക് പരിചയമില്ല. അതുകൊണ്ടുതന്നെ പക്ഷഭേദവുമില്ല. സ്വയം ഒരു കലാകാരനല്ലാത്ത സഹൃദയന്മാർ മാത്രമായതിനാൽ അസൂയയുമില്ല. എന്നാൽ അവതരിപ്പിക്കപ്പെടുന്ന കലയെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്താൻ സഹൃദയരായ ആസ്വാദക പക്ഷത്തിന് അവകാശമുണ്ടെന്നു വിശ്വസിക്കുന്നുമുണ്ട്. ആ വിശ്വാസത്തിന്മേലാണ് ഇത് കുറിക്കുന്നത്.അവതരണ കലകൾ ഉൾപ്പെടെയുള്ള എല്ലാ കലകളുടേയും അടിസ്ഥാന ലക്ഷ്യം വളരെ ലളിതമാണ്. അവതാരകരേയും ആസ്വാദകരേയും അത് ആനന്ദിപ്പിക്കണം. എണ്ണമറ്റ നൈമിത്തികങ്ങളിൽ കുടുങ്ങിക്കിടക്കുന്ന പ്രജ്ഞയെ സ്ഥലകാലങ്ങളിൽ നിന്നും അടർത്തി പ്രാപഞ്ചികമായൊരു പരമലയത്തിലേക്ക് എടുത്തുയർത്തണം. കലാബാഹ്യമായ കാരണത്താൽ പ്രചോദിതമായി അവതരണ സമയം അസ്വാ ാവികമായി നീട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതൊന്നും തന്നെ (മറ്റെന്തു നേട്ടങ്ങൾക്ക് സഹായിച്ചാലും) ആ കലയുടെ ശ്രേയസ്സിന് സഹായകരമല്ല.ഇവിടെ ഗിന്നസ് നാമലബ്ധിക്കു വേണ്ടി നടത്തപ്പെട്ട പഞ്ചദിവസ അഖണ്ഡ നൃത്തത്തെ കുറിച്ച് രണ്ടു ചോദ്യങ്ങൾ ചോദിക്കാൻ തോന്നുന്നു. വെള്ളം കുടിക്കൂ... വിശപ്പടക്കൂ... വിശ്രമിക്കൂ... എന്ന് തീക്ഷ്ണമായി ആവശ്യപ്പെടുന്ന ശരീരത്തിന്റെ ന്യായമായ ചോദനകളെ അമർത്തിവെച്ച്, ഗിന്നസ് മോഹത്തിൽ, ഗരുഡൻ തൂക്കം പോലെ തന്നെത്തന്നെ കൊളുത്തിയിട്ടുകൊണ്ടല്ലാതെ ഒരു നർത്തകിയ്ക്ക് (നർത്തകന്) ഇതുപോലെ അഖണ്ഡമായ ഒരവതരണം സാധ്യമാകുമോ? അതുകൊണ്ടു തന്നെ ഇത് ഒരാത്മപീഢനമല്ലേ എന്നു സംശയിക്കുന്നവരെ കുറ്റപ്പെടുത്താമോ? കലാബാഹ്യമായ ഒരു കായികക്ഷമതാ പരീക്ഷണമായി കലാവതരണം പരിണമിക്കുന്ന ഒരവസ്ഥ ഇതുമൂലം ഉണ്ടായിത്തീരുകയില്ലേ?

രണ്ടാമതായി, അഖണ്ഡമായി അവതരിപ്പിക്കപ്പെട്ട ഈ നൃത്ത പരിപാടി അഖണ്ഡമായി ആസ്വദിച്ചവർ (ആകാംക്ഷയോ അനുതാപമോ കൊണ്ട് അടുത്ത ബന്ധുമിത്രാദികളും, കർത്തവ്യബോധത്താൽ വിധികർത്താക്കളും ഒഴികെ) ആരെങ്കിലുമുണ്ടാകുമോ? (ഇമവെട്ടാതെ ആസ്വദിച്ചും ഗിന്നസ്ബുക്കിൽ ഇടം നേടാനാകുമെങ്കിൽ അതിനും ആളുകാണുമായിരുന്നു!) ഏതൊരു കലയുടേയും ആത്യന്തിക ലക്ഷ്യം രസാവിഷ്കാരമാണ്. രസാവിഷ്ക്കാരം തീർച്ചയായും ഒരു സമയ കല കൂടിയാണ്. കലാബാഹ്യമായ കാരണത്താൽ അവതരണ സമയം കൃത്രിമമായി കൂട്ടുകയോ കുറക്കുകയോ ചെയ്താൽ അത് രസാവിഷ്കാരത്തിനു വിഘാതമാകും. അത് കലയോടു ചെയ്യുന്ന അനീതിയുമാകും. ആവിഷ്കാരത്തിന്റെ രസസ്ഫൂർത്തിയിലാണ് എപ്പോഴും ഊന്നേണ്ടത്. അതിലായിരിക്കണം കലാവിഷ്ക്കാരത്തിന്റെ ഗിന്നസ് ടച്ച്! സ്ഥലത്തിന്റേയും കാലത്തിന്റേയും കോല ഇവിടെ ആധാരമാക്കുന്ന ഗിന്നസ്പയറ്റുകൾക്ക് മഹോന്നതമായ ശാസ്ത്രീയ കലകളെ വിധേയമാക്കുന്നത് അതുകൊണ്ടു തന്നെ അവയുടെ പ്രയോക്താക്കൾ രണ്ടുവട്ടം ആലോചിക്കണം.




നൃത്തരംഗത്ത് പുതിയ മേച്ചിൽപ്പുറങ്ങൾ തീർക്കുന്നതല്ലേ നല്ലത് എന്ന് എം.സി തൈക്കാടിനെപ്പോലുള്ളവർ ചോദിക്കുന്നതു കേൾക്കുമ്പോൾ ഭയമാണ് തോന്നുന്നത്. വിശേഷിച്ചും ഐഡിയാ സ്റ്റാർ സിംഗറുകൾ അരങ്ങു തകർക്കുന്ന ഈ കാലത്ത്! ഒരെളിയ കലാസ്വാദകനായ ഈയുള്ളവന് തോന്നുന്നത്, കലാകാരന്മാർ ചെയ്യേണ്ടത് പുതിയ മേച്ചിൽപുറങ്ങൾ തേടുകയല്ലേ! മറിച്ച ശാസ്ത്രീയ കലകളുടെ സൂര്യമുഖങ്ങളെ ധ്യാനിച്ച് അവതരണത്തിൽ പുതിയ തളിരും പൂവും വിരിയിക്കുക എന്നതാണ്! (അവസാനമായി ഒരു വാക്ക്. മേൽപ്പറഞ്ഞതത്രയും കലയ്ക്കു വേണ്ടിയാണ്. ഇവിടെ പരാമർശ വിഷയമായ കലാകാരിയുടെ നൃത്താവതരണം പല വേദികളിലും കണ്ട് ആസ്വദിക്കുകയും മനസ്സുകൊണ്ട് അവരെ അനുമോദിക്കുകയും ചെയ്തിട്ടുള്ള ഒരാളാണ് ഞാൻ. ആ ആസ്വാദനത്തിനും അനുമോദനത്തിനും ഇപ്പോഴും ഇളക്കമേതുമില്ല.)

**സി. രാജഗോപാൽ**
**പള്ളിപ്പുറം, പട്ടാമ്പി**